കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കൂടാതെ ആറായിരത്തോളം വരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. നിയമപരമായി കരമണൽ ഖനനം നടത്തുന്നതിന് അനുവാദം കൊടുക്കണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : വൈക്കം താലൂക്കിലെ കരമണൽ ഖനനം സംബന്ധിച്ച് ധാരാളം പരാതികൾ പൊതുജനങ്ങളിൽനിന്നും പത്ര മാധ്യമങ്ങളിൽനിന്നും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വൈക്കം താലൂക്കിന് നൽകിയ കരമണൽ ഖനനത്തിന്റെ പാസ്സുകൾ മലപ്പുറം താലൂക്കിലുംമറ്റും കൊണ്ടു പോയി ദുരുപയോഗം ചെയ്യുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വിജിലൻസ് വകുപ്പ് അന്വേഷണം ആരംഭിച്ചിട്ടുമുണ്ട്. റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകളുടെ സംയുക്ത യോഗത്തിൽ മുഴുവൻ സൈറ്റുകളുടേയും പുനഃപരിശോധന നടത്തി നിയമാനുസൃതമായി പ്രവർത്തിക്കുന്നവരെ മാത്രം അനുവദിക്കുന്നതുവരെ ഖനനം നിറുത്തിവയ്ക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പാലാ സബ്കളക്ടർക്ക് 14-ഉം ഡെപ്യൂട്ടി കളക്ടർ ജനറലിന് ഏഴും ഡെപ്യൂട്ടി കളക്ടർ എൽ. ആർ-ന് ഏഴും ഫയലുകൾ നൽകിയതിൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ) രണ്ടും ഡെപ്യൂട്ടി കളക്ടർ എൽ. ആർ പതിനാല് സൈറ്റുകളും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അവയിൽ ഏഴ് സൈറ്റുകൾ നിയമ വിരുദ്ധമായതിനാൽ എൻ.ഒ.സി. റദ്ദ് ചെയ്തിട്ടുണ്ട്. സബ്കളക്ടർ ചുമതലപ്പെടുത്തിയ പതിനാറ് സൈറ്റുകളുടെ പരിശോധന നടന്നുവരുന്നു. സബ്കളക്ടറുടെ റിപ്പോർട്ടുകൂടി ലഭിക്കുന്ന മുറയ്ക്ക് റദ്ദ് ചെയ്യേണ്ടുന്നവ റദ്ദ് ചെയ്യാനുൾപ്പെടെയുള്ള മറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ശ്രീ. അജിത്ത് ചൂണ്ടിക്കാണിച്ച ആറായിരത്തോളം തൊഴിലാളികൾ തൊഴിലെടുക്കുന്ന ഒരു മേഖലയാണെന്നുള്ളതിനാൽ അവരുടെ തൊഴിലും ജീവിത പ്രശ്നവും ഗൗരവമുള്ളതാണ്. എന്നാൽ അതോടൊപ്പം തന്നെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു, കൊടുത്ത ലൈസൻസും പാസ്പോർട്ടും മറ്റ് ജില്ലകളിൽ കൊണ്ടുപോയി ദുരുപയോഗം ചെയ്യുന്നുവെന്നുള്ള പരാതികൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചവയിൽ പലതും നിയമ വിരുദ്ധമായതുകൊണ്ടാണ് റദ്ദ് ചെയ്തത്. തൊഴിലാളികളുടെ തൊഴിലിന്റെ പ്രശ്നവും നിയമ വിധേയമായി പ്രവർത്തിക്കാവുന്നത് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഏത് വിധത്തിലാണ് നടപടി സ്വീകരിക്കുവാൻ കഴിയുന്നതെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി കൂടി ചർച്ചചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

11. ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് ജീവനക്കാരുടെ സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ കാഷ്വൽ ലീവെടുത്ത് 8-2-2011- ന് അവരുടെ പ്രതിഷേധം അറിയിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുകയാണ്. ഒമ്പതാം ശമ്പള കമ്മീഷനിൽ ചില വിവേചനങ്ങളുണ്ട് എന്നുള്ളതാണ് അതിന് പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യമായി അവർ പറയുന്നത്. അടിസ്ഥാന ശമ്പളം യോഗ്യതകൾക്കനുസരിച്ച് മാറ്റണമെന്നുള്ളതാണ് പ്രമുഖമായ ഒരാവശ്യം. പ്രൊമോഷൻ പോസ്റ്റുകൾ ആനുപാതികമായി അനുവദിക്കണമെന്നുള്ളതാണ് രണ്ടാമത്തെ ആവശ്യം. ക്ഷേമാതീതമായി ഉണ്ടാകുന്ന ഒരു പ്രശ്നമാണിത്. ശമ്പള കമ്മീഷൻ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ ആ റിപ്പോർട്ടിനകത്ത് അനോമലി ഉണ്ടാകും. അത് റെക്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ എല്ലാ ഗവൺമെന്റുകളും സ്വീകരിക്കുന്നതാണ്. അനോമലി റെക്ടിഫിക്കേഷനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി ക്യാബിനറ്റ് തന്നെ വച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മാത്രമല്ല അതിന് ഉദ്യോഗസ്ഥരെ വച്ചുകൊണ്ടുള്ള ഒരു അനോമലി കമ്മിറ്റി സാധാരണ ഗവൺമെന്റ് വയ്ക്കുന്നതാണ്. ആ അനോമലി കമ്മിറ്റികളുടെ മുമ്പിൽ ജീവനക്കാർ അവരവരുടെ കാര്യങ്ങൾ പറയുകയും ചെയ്യും. ഇവിടെ ജീവനക്കാർക്ക് പ്രതിഷേധിക്കുവാൻ അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ ജീവനക്കാർ പ്രതിഷേധിച്ചാൽ, അവർ ജോലി ബഹിഷ്കരണത്തിന് ആഹ്വാനം നൽകിയത് അംഗീകരിക്കുന്നില്ല എന്നുള്ള നിലപാട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്ന് അറിയിച്ചതായി ഇന്നത്തെ പത്രത്തിൽ (മലയാള മനോരമയിൽ) കാണാൻ കഴിഞ്ഞു. അതിനകത്ത് പറയുന്നത്, അവധിയെടുത്ത് സമരത്തിൽ പങ്കെടുക്കുന്നവർക്ക് ഡയസ്നോൺ ബാധകമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുകൂടി പറഞ്ഞിരിക്കുകയാണ്. അതു മാത്രമല്ല, അതിനകത്ത് ഒരു ക്ലിയർ ഡിസ്ക്രിമിനേഷൻ ഉണ്ട്. 32 സംഘടനകൾ ഇതിനുമുമ്പ് ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ ഒരു സമരം നടത്തിയിരുന്നു. ആ സമരത്തിൽ പങ്കെടുത്തവർക്കാർക്കും ഇല്ലാത്ത പ്രത്യേകമായ ഒരു ശിക്ഷാ നടപടി നാളെ നടത്താൻ പോകുന്ന സമരത്തിൽ പങ്കെടുക്കുന്ന ആരോഗ്യ വകുപ്പ് ഫീൽഡ് സ്റ്റാഫിന് ഉണ്ടാകുക എന്നുള്ളത് ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കുന്ന ഡിസ്ക്രിമിനേറ്ററിവായ നിലപാടാണ്. അതുകൊണ്ട് ഗവൺമെന്റ് അതിൽനിന്ന് പിന്മാറണം. Sir, Right to descent is the base of democracy. അഭിപ്രായ വ്യത്യാസം പറയാനുള്ള അവകാശമാണ് ജനാധിപത്യം. ആ ജനാധിപത്യ അവകാശത്തെ അധിക്ഷേപിക്കരുത്. പ്രത്യേകിച്ച് വിപ്ലവ പ്രസ്ഥാനങ്ങളെ വളർത്തുന്നതിനു വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്ന ഒരു പാർട്ടി അതിന്റെ ഏറ്റവും പ്രമുഖയായ നമ്മുടെ ഒരു നേതാവ് ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇതുപോലെയുള്ള തൊഴിലാളി വിരുദ്ധ, ജീവനക്കാർക്ക് വിരുദ്ധമായ ഒരു നടപടിയും സ്വീകരിക്കരുതെന്നും ഗവൺമെന്റ് അതിൽനിന്ന് പിന്മാറണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കേരളത്തിൽ ഗവൺമെന്റ് സമയബന്ധിതമായി ശമ്പളകമ്മീഷനെ നിശ്ചയിക്കുകയും ഇതിന് മുമ്പെങ്ങും ഇല്ലാത്തവിധത്തിൽ ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് നിരവധി പരാതികൾ ഗവൺമെന്റിന് കിട്ടിയതിനാലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു മന്ത്രിസഭാ ഉപസമിതിയെ ഇത് പരിശോധിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്. മന്ത്രിസഭാ ഉപസമിതിയുടെ മുമ്പാകെ വന്ന റിപ്പോർട്ടുകൾ പിന്നീട് അനോമലി കമ്മിറ്റിയുടെ മുമ്പാകെ പോകണമെന്ന് തീരുമാനിച്ചിട്ടുമുണ്ട്. അത്തരമൊരു സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ ആ നടപടിക്രമങ്ങളിലൂടെ പോകുന്നതിനുപകരം ഇങ്ങനെ സമരം സംഘടിപ്പിക്കുന്നത് അനുചിതമാണ്. പ്രത്യേകിച്ച് മറ്റ് ഡിപ്പാർട്ടുമെന്റുകളെപ്പോലെ അല്ല ആരോഗ്യ വകുപ്പ്. ആരോഗ്യ വകുപ്പിലെ ഇത്തരം ജീവനക്കാർ, പ്രത്യേകിച്ച് ചെറിയ കുഞ്ഞുങ്ങൾക്ക് അതാത് സമയത്ത് ഇമ്മ്യൂണൈസേഷൻ ഉൾപ്പെടെ ചെയ്യേണ്ടുന്നവർ കൂട്ടമായി അവധിയിൽ പ്രവേശിക്കുകയോ ഇത്തരത്തിൽ ഒരു കൂട്ട പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുകയോ ചെയ്യുന്നതുമൂലമുണ്ടാകുന്ന പ്രയാസങ്ങളുണ്ട്. എന്നാലും ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ സ്വാഭാവികമായി മറ്റേതെങ്കിലും പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ധർണ്ണയോ പ്രക്ഷോഭങ്ങളോ സംഘടിപ്പിക്കുന്നതിനൊന്നും ഗവൺമെന്റ് എതിരല്ല. ഒരിക്കലും എതിര് നിന്നിട്ടുമില്ല. അവകാശ സമരങ്ങളെ അതിന്റെ ഗൗരവത്തിൽ കാണുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതൊന്നും എതിർക്കാറില്ല. പക്ഷേ ഇത് ഒരു അനാവശ്യമായ സമരമാണ്. ശമ്പള കമ്മീഷന്റെ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി ചർച്ച ചെയ്ത് അനോമലി കമ്മിറ്റിക്ക് വിട്ട് അവിടെ വന്ന് പരാതി പറഞ്ഞ് അത് പരിഹരിക്കുന്നതിനുപകരം അതിനു മുമ്പേ തന്നെ എടുത്തുചാടി ഒരു നിസ്സഹകരണ സമരവും എന്നിട്ട് ഒരു കൂട്ട പ്രക്ഷോഭവും നടത്തുന്നത് അനാവശ്യമായ സമരമാണ് അത് ശരിയല്ല. അനവസരത്തിലുള്ള ഒരു സമരവും പ്രക്ഷോഭവുമായി വരുമ്പോൾ അത് നമ്മൾ ഗൗരവത്തിലെടുക്കണം. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ശ്രദ്ധിച്ചു. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അങ്ങനെ ഏതൊരു സമരം വന്നാലും അടിച്ചമർത്തണമെന്ന ഒരു സമീപനം ഒരിക്കലും ഉണ്ടായിട്ടില്ലെന്ന് എല്ലാവർക്കുമറിയാം. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ കാര്യം പ്രത്യേകിച്ച് കാണണം. ഹോം ഡിപ്പാർട്ടുമെന്റുപോലെതന്നെ ഏറ്റവും അവശ്യ സർവ്വീസ് എന്നുള്ള നിലയിൽ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തനത്തെ നമ്മൾ കാണണം. ഇല്ലെങ്കിൽ പലപ്പോഴും സംഭവിക്കുന്നത് വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടുപോകുന്ന സ്ഥിതിയായിരിക്കും. അത് കണ്ടുകൊണ്ട് ഏത് രൂപത്തിലുള്ള സമരമായിരിക്കണം എവിടെയായിരിക്കണം, എങ്ങനെയായിരിക്കണം, എന്നതിനൊക്കെ ഒരു രീതി വേണം. ഇവിടെയിപ്പോൾ ഈ സമരം ഏറ്റവും അത്യാവശ്യമായിട്ടുള്ള സന്ദർഭത്തിലാണെങ്കിൽ ഒരു പ്രശ്നവുമില്ല. പക്ഷേ ഏതായാലും ഇത്തരത്തിലുള്ള കാര്യങ്ങളൊക്കെ അങ്ങ് പറഞ്ഞതുപോലെ എന്താണ് വേണ്ടതെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly